(ബി-ഡി) 2-5-2000-ൽ നിലവിൽ വന്ന ലീഗൽ അസിസ്റ്റന്റുമാരുടെ ലിസ്റ്റിൽ കാറ്റഗറി (3) -ൽ 5 പേർ മാത്രമാണ് ഉൾപ്പെട്ടിരുന്നത്. 5 പേർക്കും നിയമന ഉത്തരവ് അയച്ചുവെങ്കിലും 3 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. സെക്രട്ടേറിയറ്റ് കാറ്റഗറിയിൽ നിന്നുള്ള നിയമനത്തിന് ലിസ്റ്റിൽ ആളില്ലാത്തതിനാൽ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നുള്ള ആളുകളെ നിയമിച്ചിട്ടുണ്ട്. അങ്ങനെ സെക്രട്ടേറിയറ്റ് സർവീസിൽ നിന്നും 3 പേരെയും മറ്റു വകുപ്പുകളിൽ നിന്നും 18 പേരെയുമാണ് നിയമിച്ചത്.

(ഇ) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരമാണ് കാറ്റഗറി (3) -ൽ നിന്നുള്ളവരുടെ അഭാവത്തിൽ കാറ്റഗറി (4)-ൽ നിന്നും നിയമനം നടത്തിയത്.

(എഫ് & ജി) സെക്രട്ടേറിയറ്റിലെ ഉദ്യോഗാർത്ഥികളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി 5-8-2003 വരെ നീട്ടാൻ തീരുമാനമെടുത്തിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി എടുത്ത് വരുന്നു. എടുത്ത തീരുമാനം പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ അഡ്വക്കേറ്റ് നോട്ടറിമാർ

39 (4318) ശ്രീ. കെ.പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര അഡ്വക്കേറ്റ് നോട്ടറിമാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) കണ്ണൂർ ജില്ലയിലെ അഡ്വക്കേറ്റ് നോട്ടറിമാരുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നോട്ടറി രജിസ്റ്ററിൽ പ്രകാരം കണ്ണൂർ ജില്ലയിൽ 42 നോട്ടറിമാരാണുള്ളത്. ഇതിൽ അഞ്ച് നോട്ടറിമാരുടെ സർട്ടിഫിക്കറ്റ് പുതുക്കിയിട്ടില്ല.

(ബി) അഡ്വക്കേറ്റ് നോട്ടറിമാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

നോട്ടറി ഓഫീസ് പ്രവർത്തനവും പരിശോധനയും

40 (4319) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നോട്ടറി ഓഫീസുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ :

(ബി) നോട്ടറിമാരുടെ ഓഫീസ് പ്രതിവർഷം എത്ര പ്രാവശ്യമാണ് ഇൻസ്പെക്ഷൻ നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നോട്ടറിമാരുടെ ഓഫീസ് ഇൻസ്പെക്ഷൻ നടത്തുന്ന വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നോട്ടറി ഇൻസ്പെക്ഷൻ വിഭാഗത്തിന് പരിശോധനയ്ക്ക് പോകുവാനുള്ള ടി. എ. സീലിംഗ് ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ടി. എ.-യ്ക്ക് സീലിംഗ് ഉള്ളതുകാരണം എല്ലാ വർഷവും എല്ലാ ഓഫീസുകളും പരിശോധന നടത്താൻ കഴിയുന്നുണ്ടോ ;

(എഫ്) നോട്ടറി ഓഫീസുകൾ ഇൻസ്പെക്ഷൻ സുഗമമാക്കാൻ ടി. എ. സ്ലീംഗ് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 787 നോട്ടറിമാരുടെ ഓഫീസുകൾ ഉണ്ട്.

(ബി) നോട്ടറിമാരുടെ രജിസ്റ്ററുകൾ വർഷത്തിലൊരിക്കൽ ഇൻസ്പെക്ഷൻ നടത്തുന്നു.

(സി) ഇൻസ്പെക്ഷൻ നടത്തുന്നതിനുമാത്രമായി ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല.

(ഡി) ഉണ്ട്. അണ്ടർ സെക്രട്ടറിവരെയുള്ളവർക്ക് പ്രതിമാസം 600 രൂപയും ഡെപ്യൂട്ടി സെക്രട്ടറിയ്ക്കും അതിനു മുകളിൽ ഉള്ളവർക്കും 1500 രൂപയും ; ത്രൈമാസത്തിൽ അത് യഥാക്രമം 2400 രൂപയും 4500 രൂപയും, എന്നതാണ് സ്ലീംഗിന്റെ നിരക്ക്.

(ഇ) ഇല്ല.

(എഫ്) ടി. എ. സീലിംഗ് ഒഴിവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളെ മൈത്രി ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്താൻ നടപടി

41 (4320) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതിപ്രകാരം കുഴൽമന്ദം മണ്ഡലത്തിലെ കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ 14 ഗുണഭോക്താക്കൾ 1999-2000 വർഷത്തിൽ ഭവന നിർമ്മാണത്തിനായി 12,50,500 രൂപ കേരള ഭവന നിർമ്മാണ ബോർഡിൽ അടച്ചിട്ട് പ്രസ്തുത ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കാൻ ധനസഹായം ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly